**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** — **12/06/2018-ൽ മറുപടിയ്ക്ക്**

# കേപിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കേപിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ അദ്ധ്യാപകർക്ക് ഉന്നത നിലവാരമുള്ള പരിശീലനം, വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് Industry Institute Interaction പോലെയുള്ള മികച്ച പദ്ധതികൾ, വിവിധ ഏജൻസികളുടെ Accreditation/ Certification ലഭിക്കുന്നതിനുള്ള നടപടികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലാബുകൾ, ലൈബ്രറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലോക ബാങ്കിന്റെ സഹായത്തോടെയുള്ള TEQIP പദ്ധതി പ്രകാരം ആധുനികവൽക്കരിച്ചിട്ടുണ്ട്. കോളേജുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മേഖലകൾ തെരഞ്ഞെടുക്കുകയും ആ മേഖലകൾ മികവിന്റെ കേന്ദ്രമാക്കിമാറ്റാൻ 213.12 കോടി രൂപ മതിപ്പ ചെലവുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. KIIFB യുടെ സാമ്പത്തിക സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വെളിപ്പെടുത്താമോ; | (ബി) | KIIFB യുടെ സാമ്പത്തിക സഹായത്തോടെ കേപ്പിന്റെ കീഴിലുള്ള കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി 213.12 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | കേപിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി ജോലി ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) | ഉണ്ട്. കേപ്പിനു കീഴിലുള്ള വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ അടക്കമുള്ള ഉദ്യോഗസ്ഥർ അംഗങ്ങളുമായ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക യോഗങ്ങൾ വിളിച്ച് ചേർത്തും വിലയിരുത്തൽ നടത്തി വരുന്നുണ്ട്. ഓരോ മൂന്ന് മാസത്തിലൊരിക്കലും പ്രിൻസിപ്പാൾമാരുടെ യോഗം വിളിച്ച് ചേർത്ത് വകുപ്പ് മന്ത്രിയും സെക്രട്ടറിയും പങ്കെടുത്ത് വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. പ്രാദേശിക എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നിട്ടുള്ള കോളേജ് വികസന സിമിതികളും ആശുപത്രി വികസന സമിതികളും ചേർന്ന് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വകുപ്പ് തലത്തിലും, ഡയറക്ടറേറ്റ് തലത്തിലും കോളേജ് തലത്തിലും പരിശോധിച്ച് വേണ്ട തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നുണ്ട്.<br><br>കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് കേപ്പിന്റെ കോളേജുകളെ രണ്ട് മേഖലകളായി തിരിച്ച് പ്ലെയ്സ്മെന്റ് ഡ്രൈവ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോളേജുകൾക്ക് നാക് അക്രഡിറ്റേഷനും ഐ.എസ്.ഒ. സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പെരുമൺ, കിടങ്ങൂർ, തലശ്ശേരി, വടകര, തൃക്കരിപ്പൂർ കോളേജുകൾ ISO 9001 : 2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. വടകര, തൃക്കരിപ്പൂർ കോളേജുകൾക്ക് NAAC അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. പത്തനാപുരം, പുന്നപ്ര കോളേജുകൾക്ക് ISO സർട്ടിഫിക്കേഷൻ ഈ വർഷം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പെരുമൺ, തലശ്ശേരി, തൃക്കരിപ്പൂർ, കിടങ്ങൂർ കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നമ്പർ | കോളജിന്റെ പേര് | മികവിന്റെ കേന്ദ്രമാകുന്ന മേഖല | അടങ്കൽ തുക (കോടിയിൽ ) |
|---|---|---|---|
| 1 | മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് | ടെസ്റ്റ് ആന്റ് റിസേർച്ച് സെന്റർ ഫോർ ലൈറ്റിംഗ് | 19.85 |
| 2 | പെരുമൺ എഞ്ചിനീയറിംഗ് കോളേജ് | സെന്റർ ഫോർ ഗ്രീൻ റോബോട്ട്സ് ആന്റ് കമ്മ്യൂണിക്കേഷൻ | 22.42 |
| 3 | പത്തനാപുരം എഞ്ചിനീയറിംഗ് കോളേജ് | റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ ഓഫ് സ്മാർട്ട് ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് മെക്കാനിക്കൽ ബ്ലോക്ക് | 39.14 |
| 4 | കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ് | നോഡൽ സെന്റർ ഫോർ സ്റ്റഡി ഓഫ് ഡ്രോൺസ് | 17.50 |
| 5 | പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് | ഡിജിറ്റൽ ലേണിംഗ് പ്ലാറ്റ്ഫോം ഫോർ എഡ്യൂക്കേഷൻ | 14.11 |
| 6 | ആറൻമുള എഞ്ചിനീയറിംഗ് കോളേജ് | ഇൻകുബേഷൻ സെന്റർ | 29.35 |
| 7 | വടകര എഞ്ചിനീയറിംഗ് കോളേജ് | കമ്പ്യൂട്ടേഷൻ ഇന്റലിജൻസ് ആന്റ് സെക്യൂർ സിസ്റ്റം | 28.83 |
| 8 | തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് | ഇന്റഗ്രേറ്റഡ് ടെക്നോളജി ആപ്ലിക്കേഷൻസ് ഇൻ മെക്കാട്രോണിക്സ് | 26.81 |
| 9 | തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജ് | റിന്യൂവബ്ൾ എനർജി ആന്റ് സ്മാർട്ട് ടെക്നോളജി | 12.11 |
| 10 | ഐ.എം.റ്റി, പുന്നപ്ര | ടെക്നോ എക്കണോമിക് പ്രോജക്ട് സെന്റർ | 3.00 |
| | **ആകെ** | | **213.12** |

സെക്ഷൻ ഓഫീസർ